## മുഖവുര

# നമസ്ക്കാരത്തിന്റെ അർത്ഥം

പഴയ സംയുക്ത ഇംഗ്ലീഷ് വാക്കുകൾ ആയ *വെയോർത്ത്* ("വിലയുള്ള") എന്നും *സിപേ* ("ഷിപ്") എന്നും ചേർന്നതാണ് ഇംഗ്ലീഷ് വാക്കായ "വർഷിപ്" വന്നത്. "ഷിപ്" അർത്ഥമാക്കുന്നത്, സൗഹൃദത്തിൽ, കൂട്ടായ്മയിൽ, ബന്ധത്തിൽ ഉള്ള അവസ്ഥ, യോഗ്യത, സ്ഥിതി എന്നതാണ്. ഒരാളുടെ ധ്യാനത്തിന് യോഗ്യമായ അവസ്ഥയെ പ്രകടിപ്പിക്കുന്നതാണ് "വർത്-ഷിപ്" (വർഷിപ്). ദൈവം - തന്റെ മഹത്വത്താലും, വീര്യത്താലും, അത്ഭുതപ്രവൃത്തിക ളാലും - നമ്മുടെ ധ്യാനത്തിനും, ആദരവിനും, ഭയഭക്തിക്കും, ബഹുമാനത്തിനും യോഗ്യനാണ്. റാൽഫ് പി. മാർട്ടിൻ എഴുതി,

> വിലയുള്ള മറ്റൊരു വ്യക്തിയെ അല്ലെങ്കിൽ വസ്തുവിനെ ആദരിക്കു കയും, ബഹുമാനിക്കുകയും ചെയ്യുന്ന മനോഭാവത്തെ പ്രകടമാക്കുന്ന പ്രവൃത്തികളെ കാണിക്കുന്നതാണ് ["നമസ്ക്കാരം."] പഴയനിയമാരാ ധനയുടേയും പുതിയനിയമാരാധനയുടേയും സന്ദർഭം പ്രത്യേകമായി പറയുന്നത് ദൈവത്തെ നമസ്ക്കരിക്കുന്നതാണ്.[1]

ഇംഗ്ലീഷ് വാക്കായ "വർഷിപ്" എന്നതിനു തത്തുല്യമായ വാക്ക് പഴയ നിയമം എഴുതിയ എബ്രായ ഭാഷയിലും പുതിയനിയമം എഴുതിയ ഗ്രീക്ക് ഭാഷയിലുമില്ല. എങ്ങനെയായാലും, രണ്ടിലും ആരാധനാ പ്രവൃത്തികളെ നി ർവ്വചിക്കുന്ന വാക്കുകളുണ്ട്. എബ്രായ വാക്ക് *ഷാഹാ* പലപ്പോഴും തർജിമ ചെയ്തിരിക്കുന്നത് "നമസ്ക്കാരം" എന്നും അർത്ഥം "സ്വയമായി കുമ്പിടുക" എന്നും ആണ്. ഗ്രീക്ക് ക്രിയ ലാട്രെയുവോ[2] പോലെയാണ് എബ്രായ ക്രിയ *അബാദ്* അർത്ഥം "ശുശ്രൂഷ" എന്നത്.

ആരാധനയുമായുള്ള ബന്ധത്തിൽ പുതിയനിയമത്തിൽ മിക്കവാറും ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് *പ്രോസ്കുനെയോ* എന്നാണ്, അർത്ഥം "ലേക്ക് ചുംബിക്കുക" എന്നാണ് (മത്തായി 4:10; ലൂക്കൊസ് 24:52; യോഹന്നാൻ 4:20, 21). ഒരു വ്യക്തിയുടെ മുൻപിൽ വീണ് അയാളുടെ കാൽക്കൽ, തറയിൽ, അയാളുടെ വസ്ത്രത്തിന്റെ അഗ്രത്തിൽ ചുംബിക്കുക എന്നതാണ് സാധാരണ ആചാരം. അത്തരത്തിലായിരുന്നു പാർസികൾ ദേവന്മാരാക്കിയ രാജാക്കന്മാ രോടും, ഗ്രീക്കുകാർ തങ്ങളുടെ വിഗ്രഹങ്ങളോടും വിശുദ്ധ വസ്തുക്കളോടും ചെയ്തിരുന്നത്. നമ്മുടെ "നമസ്ക്കാരം" എന്ന വാക്കിനു കൃത്യമായി അതേ അർത്ഥമല്ല ഉള്ളതെങ്കിലും, മറ്റേതൊരു ഗ്രീക്കു വാക്കിനേക്കാളും അർത്ഥം അടുത്തു നില്കുന്ന ഒന്നാണ് *പ്രോസ്കുനെയോ* എന്നത്.

പുതിയനിയമത്തിൽ ചിലപ്പോൾ ഉപയോഗിച്ചിരിക്കുന്ന മറ്റു വാക്കുക ളാണ്, "നമസ്ക്കാരം" അല്ലെങ്കിൽ "നമസ്ക്കരിക്കുന്നവൻ" എന്നിവ. *പ്രോ സ്കുനെയോ* എന്ന വാക്ക് അർത്ഥമാക്കുന്നതുപോലെയുള്ള ഭയഭക്തി, ആദ രവ്, ഔദ്യോഗിക നമസ്ക്കാരം എന്നീ അർത്ഥം അവിടെ വരുന്നില്ല, എന്നാൽ "നമസ്ക്കാരം"[3] എന്ന വാക്കിന്റെ വിവിധരൂപങ്ങളായിട്ടാണ് തർജിമ ചെയ്തി രിക്കുന്നതു.

## ആരാധനയെ കുറിച്ചുള്ള
## ഭൂതകാല മനോഭാവങ്ങൾ

നമസ്ക്കാരം മനസിലാക്കുവാൻ സഹായിക്കുന്നവയാണ് ഭൂതകാല മനോഭാവങ്ങൾ. പുരാതന മെസപ്പൊത്തോമിയയിൽ, ദേവന്മാരെ ശുശ്രൂഷിക്കേണ്ടതിന് മനുഷ്യരെ സൃഷ്ടിക്കുന്ന ചുമതല ഇതിഹാസ രചയിതാവായ മാർഡക്കിനായിയിരുന്നു. മനുഷ്യരെ സൃഷ്ടിച്ചുകൊണ്ടിരുന്ന മാർഡക്കിനോട് താഴെ കൊടുത്തിരിക്കുന്ന പ്രസ്താവന പറയുകയുണ്ടായി: "ദേവന്മാർക്ക് ആശ്വാസം ലഭിക്കേണ്ടതിനു അവരെ ശുശ്രൂഷിക്കുക എന്ന ചുമതലയായിരിക്കണം അവനുണ്ടായിരുന്നത്!"[4]

ആ കാഴ്ച്ചപ്പാട് സൂചിപ്പിക്കുന്നത് ദേവന്മാർക്ക് ആശ്വാസവും ആസ്വാദനവും ലഭിക്കുവാൻ മനുഷ്യരുടെ സേവനം വേണമെന്നാണ്. അത്തരം സേവനത്താൽ മനുഷ്യർ അവരുടെ ദേവന്മാരെ ബഹുമാനിക്കയും അവരുടെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യുന്നു. അവരുടെ ആവശ്യങ്ങൾ മനുഷ്യർ നിറവേറ്റുന്നു എന്ന ആശയം വ്യക്തമാക്കുന്നത് ദേവന്മാർ മനുഷ്യരുടെ സേവനത്തെ ആശ്രയിച്ചിരിക്കുന്നു എന്നാണ്. ജോൺ ഈ. ബർക്ക്ഹാർട്ട് അതിനെ കുറിച്ച് നല്ല ഒരു നിരീക്ഷണം നടത്തിയിരിക്കുന്നു:

> അവർ സേവിച്ചാലും ഇല്ലെങ്കിലും, എബ്രായർക്ക് ദൈവം, ദൈവം തന്നെയാണ്; ദൈവം സേവനത്തിന് യോഗ്യനാണ്, ദൈവത്തിന്റെ സേവകന്മാരുടെ പ്രതിഫലമനുസരിച്ചല്ല, മറിച്ച് ദൈവത്തിന് അവന്റേതായ വിലയുള്ളതാണ് കാരണം. ദൈവത്തിന്, ദൈവമാകുവാൻ പുകഴ്ച്ച ആവശ്യമില്ല; എന്നാൽ അവൻ ദൈവമായിരിക്കയാൽ, ദൈവത്തിന് കൽപിക്കുവാൻ അവകാശമുണ്ട്.[5]

*യൂത്തിഫ്രോ*യിൽ, നമ്മുടെ ആരാധനയിൽ ദേവന്മാർ ബാധിക്കപ്പെടുകയോ, മാറുകയോ ചെയ്യുന്നില്ല എന്ന് പ്ലാറ്റോ വാദിക്കുകയുണ്ടായി. നാം കൊടുക്കുന്നതുകൊണ്ട് ദേവന്മാർക്ക് പ്രയോജനം ലഭിക്കുകയില്ല, നാം കൊടുക്കേണ്ടതിന് അവർക്ക് ഒന്നും ആവശ്യമില്ല. അവർക്ക് എല്ലാമുള്ളതുകൊണ്ട് മറ്റൊന്നിന്റേയും ആവശ്യമില്ല. ബർക്ക്ഹാർട്ട് പറഞ്ഞു,

> മദ്ധ്യാകാലഘട്ടത്തിലെ വേദശാസ്ത്രജ്ഞന്മാരിൽ, ഒരാളായിരുന്ന തോമസ് അക്വിനാസ്, അതിനെ ഗൗരവമായി എടുത്തു വാദിക്കുകയും, ആരാധന ദൈവത്തിനുവേണ്ടിയല്ല, നമുക്ക് വേണ്ടിയാണെന്ന് സ്ഥിരീകരിക്കുകയും ചെയ്തു . അതിന്, പതിനാറാം നൂറ്റാണ്ടിൽ, കാൽവിൻ പ്രതികരിച്ചത്, ശരിയായ ദൈവത്തെ ശരിയായി വണങ്ങുക എന്നതാണ് ക്രിസ്ത്യാനിത്വത്തിന്റെ പ്രാഥമിക ലക്ഷ്യം ... പിന്നെ, ഇരുപതാം നൂറ്റാണ്ടിൽ, വണങ്ങൽ എന്ന വിഷയം എടുത്ത്, എവലിൻ അണർഹിൽ "പ്രത്യേക താൽപര്യമില്ലാത്ത ആഹ്ലാദമാണ്" "പൂർണ്ണമായ ആദരിക്കൽ പ്രകടനം" എന്നു പറഞ്ഞിരിക്കുന്നു. അത്തരം ആഹ്ലാദത്താൽ, ആരാധന തികച്ചും വിലയുള്ള-ഒന്നാണ്. അത് ദൈവത്തോടുള്ള ബഹുമാനസൂചകമായ പ്രതികരണമാണ്. കാരണം മൂല്യത്തിന്റെ കേന്ദ്രബിന്ദു ദൈവമാണ്, ദൈവത്തെ നൈസർഗികവിലയുള്ളവനായി നാം കാണണം.[6]

## ആരാധനയെ കുറിച്ചുള്ള തിരുവെഴുത്ത് ആശയം

തിരുവെഴുത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ആശയം എന്തെന്നാൽ, ദൈവം സ്വാഭാവികമായി തിന്മയെ വിട്ടകന്നു പരിശുദ്ധനാണ്, നമ്മുടെ ആവശ്യങ്ങൾക്കായി നാം സ്നേഹത്തോടെ അത് തിരിച്ചറിയണം. എല്ലാ നല്ല ദാനങ്ങളും ദൈവത്തിൽനിന്നാണെന്നും അവൻ പരമോന്നതനാണെന്നും തിരിച്ചറിഞ്ഞ് വേണം നാം ആരാധിക്കുവാൻ (യാക്കോബ് 1:17).

നമുക്ക് ദൈവത്തിനു വേണ്ടി എന്തു ചെയ്യുവാൻ കഴിയുമെന്നതിനെ അടിസ്ഥാനപ്പെടുത്തിയല്ല ഇരിക്കുന്നത്, പിന്നെയോ അവൻ നമുക്ക് എന്തു ചെയ്യുന്നു എന്നത് അടിസ്ഥാനപ്പെടുത്തിയാണിരിക്കുന്നത്. അവന്റെ മഹത്വവും, കരുണയും നാം തിരിച്ചറിഞ്ഞതുകൊണ്ട്, നാം ആരാധനയിൽ, നമ്മുടെ കഴിവനുസരിച്ച് ആദരവും, ബഹുമാനവും, ധ്യാനവും, അനുമോദനവും പ്രദർശിപ്പിക്കും. അതു ഹൃദയപൂർവ്വം നന്ദിയാലുണ്ടാകണമെന്ന് ദൈവം പ്രതീക്ഷിക്കുന്നതുകൊണ്ട് അവൻ സ്വീകരിക്കുകയും ചെയ്യുന്നു. നിർബ്ബന്ധിച്ചുള്ള പ്രവൃത്തികളും ബാഹ്യമായ ചടങ്ങുകൾ പോലെയുള്ള പ്രതികരണങ്ങളും ആരാധനയായി ദൈവം പരിഗണിക്കുകയില്ല.

ദൈവത്തിന്റെ കാരുണ്യ പ്രവൃത്തികളും അവന്റെ ഭുജവീര്യവും തിരിച്ചറിഞ്ഞതിന്റെ ഫലമായിരിക്കണം ആരാധന. നാം അതിനായി പ്രതികരിക്കേണ്ടത്, അവന്റെ ഇഷ്ടമനുസരിച്ച് നന്ദി പ്രകാശിപ്പിച്ചുകൊണ്ടായിരിക്കണം. നമ്മുടെ ആരാധനയുടെ ശ്രദ്ധയും ഉറവയും ദൈവം ആയിരിക്കണം. ദൈവത്തെ ആരാധിക്കേണ്ടതിന് നമ്മുടെ മനസാക്ഷി ചലിക്കുന്നതൊഴിച്ച്, നമ്മുടേതാകരുത് ആരാധന.

നമ്മുടെ ആരാധന ദൈവത്തിന് ആവശ്യമെന്നല്ല കരുതേണ്ടത്, പിന്നെയോ, അവന്റെ മഹത്വവും, നന്മയും, ദയയും കാരണം നമുക്കാണ് അവനെ ആരാധിക്കേണ്ട ആവശ്യം ഉള്ളത്. അവൻ ആരാണെന്നതിനും, അവൻ ചെയ്യുന്നതിനെല്ലാമുള്ള അനുമോദനം നമ്മിൽ നിറഞ്ഞു കവിയുന്നതാണ് നമ്മുടെ പ്രതികരണം. നമുക്ക് വേണ്ടി മഹാ കരുണയോടെ പ്രവർത്തിക്കുന്ന യോഗ്യനായ ദൈവത്തെ നാം ആരാധിക്കാതിരിക്കുമ്പോൾ, ബഹുമാനിക്കാതെ അവഗണിക്കയും ചെയ്യുകയാണ്. ആത്മാർത്ഥതയില്ലാത്ത ബാഹ്യപ്രകടനങ്ങൾ, ദൈവത്തിന് വിലയില്ലാത്തതും, അർത്ഥശൂന്യവുമാണ്. ആന്റി ടി. റിച്ചി, ജൂനിയർ., പറഞ്ഞു,

> ... "സഭയിലേക്ക് പോകുന്നു" എന്ന രീതിയിൽ, ബാഹ്യമായ "പ്രവൃത്തികളെ" നാം പലപ്പോഴും ഉപയോഗിക്കുന്നതു തന്നെ തെറ്റായ വിധത്തിലാണ്, അങ്ങനെ പോയ വ്യക്തി ആരാധിച്ചു എന്നർത്ഥമാക്കുന്നില്ല. നാം "സഭയിലേക്ക് പോകുന്നു" എന്നതിനു പകരം"ആരാധനക്കു പോകുന്നു" എന്നു പറഞ്ഞാൽ അതു വാക്കുകളെ ഉപയോഗിക്കുന്ന കാര്യത്തിൽ, കൂടുതൽ ശരിയായതാണ്, പക്ഷെ അതിനർത്ഥം നമ്മുടെ പരിശീലനം നന്നായിരിക്കണമെന്ന് അർത്ഥമില്ല ... ആരാധകന്റെ ഉള്ളിൽനിന്നു സ്വയമായി വരുന്ന ഒരു പ്രകടനവും ദൈവം സ്വീകരിക്കയില്ല ... ആരാധനയുടെ "പ്രവൃത്തി" കളെല്ലാം വെറും വസ്തുതാപരമായും യാന്ത്രികമായും ചെയ്താൽ അത് ആരാധനക്ക് തുല്ല്യമാകുന്നില്ല.[7]

സംഘടിതമായ ആരാധനയാണ് ദൈവം ആഗ്രഹിക്കുന്നത്. ആരാധനക്കായുള്ള ഘടന രൂപപ്പെടുത്തിയിരിക്കുന്നത് പരസ്യാരാധനയിൽ മാത്രം അത് ഒതുങ്ങി നിൽക്കേണ്ടതിനല്ലെങ്കിലും, ക്രിസ്തീയ സഭായോഗം പരമപ്രധാനമാണ്. ഒരുമിച്ചുള്ള ആരാധന നമ്മുടെ ഹൃദയങ്ങളിലെ ധ്യാനം ഉയർത്തും, അത് വ്യക്തിപരമായ ആരാധനയിൽ ലഭിക്കുകയില്ല.

ആരാധനയിൽ നമ്മുടെ ലക്ഷ്യം, അനുഗ്രഹങ്ങൾക്കായി ദൈവത്തോട് യാചിക്കുന്നതിനു പുറമെ, നമ്മുടെ ഉള്ളിലെ ചിന്തകളാലും അവൻ ചെയ്ത എല്ലാ ഉപകാരങ്ങൾക്കുമുള്ള അനുമോദനത്താലും നാം അവനെ അറിയിക്കുകയാണ് ചെയ്യുന്നത്. ആരാധന നമുക്ക് വളരെ പ്രയോജനം ചെയ്യുന്നുവെങ്കിലും, നമ്മുടെ ഏറ്റവും വലിയ ആവശ്യമായ – ആന്തരികമനുഷ്യന്റെ ആവശ്യം, ദൈവസന്നിധിയിലെത്തി അവനോട് ആശയവിനിമയം നടത്തുക എന്നത് നിറവേറപ്പെടുകയാണ്. നമ്മുടെ ആരാധനയിൽ, വ്യക്തിപരമായ പ്രയോജനം രണ്ടാമത് വരുന്നതാണ്, എന്നാൽ പ്രധാനമായി നമ്മുടെ ജീവിതത്തിൽ സൃഷ്ടികർത്താവിന്റെ വില നാം പ്രകടിപ്പിക്കുകയാണ്.

ആരാധനയിൽ അടങ്ങിയിരിക്കുന്ന വിവിധ പ്രവൃത്തികളേയും മനോഭാവങ്ങളേയും ചിന്തിക്കുമ്പോൾ, ആരാധന എന്തല്ല എന്ന് നാം ആദ്യം മനസിലാക്കണം. ഭൗതികമായ പ്രവൃത്തികളോ, അതിരു കവിഞ്ഞ ഉന്മത്തതയോ, വികാരപ്രകടനങ്ങളോ, തോന്നലുകളോ ആരാധന ആകണമെന്നില്ല. അത് ഉന്നതമായ പ്രകടനമോ, മാനുഷികമായ കഴിവുകളോ ശ്രമങ്ങളോ അല്ല. അത് മനുഷ്യരുടെ പ്രകടന സ്വാതന്ത്ര്യവുമല്ല.

അതേ സമയം ആരാധന, വെറും ചടങ്ങുമല്ല. ദൈവത്തോടുള്ള യാചനകൾ ആഘോഷപ്രകടനങ്ങളേക്കാളുപരിയാണ്. അവന്റെ നാമത്തിൽ നാം കൂടിവരുവാൻ ആഗ്രഹിക്കുന്നു, എന്നാൽ മറ്റുള്ളവരുമായി വെറുതെ കൂടിവരുന്നതും ആരാധനയായി തീരുന്നില്ല.

ഇനി ആരാധനയിൽ എന്താണ് അടങ്ങിയിരിക്കുന്നത് എന്നു നോക്കാം.
**ആരാധനയിൽ ഉൾപ്പെട്ടിരിക്കുന്നത്** ...

- ദൈവത്തെ മഹത്വപ്പെടുത്തൽ
  “മഹത്വപ്പെടുത്തുക” – എബ്രാ.: *പാ'ർ* (യെശ. 60:21; 61:3; 66:5); എബ്രാ.: *കാബേദ്* (സങ്കീ. 22:23; 86:12); എബ്രാ.: *കേബോദ്* (സങ്കീ. 29:2); ഗ്രീക്ക്.: *ഡോക്സാസോ* (മത്താ 5:16; 9:8)
- അതിശയം പ്രകടിപ്പിക്കൽ
  “അതിശയം” പ്രകടിപ്പിക്കുക; – എബ്രായ.: *ഗുർ* (സങ്കീ. 33:8); ഗ്രീക്ക്.: ഫോബെയോ (മത്താ. 9:8); ഗ്രീക്ക്.: *ഡെയോസ്* (എബ്രാ. 12:28). ആ വാക്കുകളുടെ അടിസ്ഥാന അർത്ഥം, ഒരുപക്ഷെ ബഹുമാനത്തോടുകൂടിയ ഭയമാകാം.
- ദൈവത്തെ വലുതാക്കൽ
  “വലുതാക്കുക” – എബ്രാ.: *ഗദൽ* (സങ്കീ. 35:27; 40:16; 70:4; മലാ. 1:5); ഗ്രീക്ക്.: *മെഗലൂനോ* (പ്രവൃ. 19:17).
- ദൈവത്തെ ആദരിക്കൽ
  “ആദരിക്കുക” – എബ്രാ.: *കാബേദ്* (യെശ. 29:13); ഗ്രീക്ക്.: *ഡോക്സാസോ* (റോമ.1:21; 1 തിമൊ.6:16). ആ രണ്ടു വാക്കുകളെയും തർജിമ ചെയ്തിരിക്കുന്നത് “മഹത്വപ്പെടുത്തുക”

എന്നാണ് (വെളി. 4:9, 11; 5:12, 13).

- ബഹുമാനം
  "ബഹുമാനം" - എബ്രാ.: *യാരേ'* (സങ്കീ. 2:11; 5:7; 119:38); ഗ്രീക്ക്.: യൂലാബയാ (എബ്രാ. 12:28).
- അവനെ വാഴ്ത്തൽ
  "വാഴ്ത്തുക" - എബ്രാ.: *ബാരാക്* (സങ്കീ. 16:7; 26:12).
- അവനെ പുകഴ്ത്തൽ
  "പുകഴ്ത്തുക" - എബ്രാ.: *ഹലാൽ* (സങ്കീ. 104:35); എബ്രാ.: *ടെഹില്ലാ* (യെശ. 42:8, 10, 12); എബ്രാ.: *സമാർ* (സങ്കീ. 30:4; 40:3); ഗ്രീക്ക്.: എയിനെയോ (ലൂക്കൊസ് 19:37; പ്രവൃ 2:47).
- അവനെ ഉയർത്തൽ
  "ഉയർത്തുക" - എബ്രാ.: *റൂം* (സങ്കീ. 18:46; 21:13).
- സന്തോഷിക്കൽ
  "സന്തോഷിക്കുക" - എബ്രാ.: *ജിൽ* (സങ്കീ. 35:9); എബ്രാ.: *സാമാക്* (സങ്കീ. 63:11); ഗ്രീക്ക്.: *ചായിരോ* (ഫിലി. 4:4).
- സ്തോത്രം
  "സ്തോത്രം ചൊല്ലുക" - എബ്രാ. ദൈവത്തിന് *യാദാ*
  (സങ്കീ. 7:17; 9:1);
  ഗ്രീക്ക്.: *യൂചാരിസ്ടെയോ* (ലൂക്കൊ. 17:16; കൊലൊ 3:17).

### നമസ്ക്കാരം അതാണ് നമസ്ക്കാരം

ദൈവം ചെയ്തതിനെ പ്രതിഫലിപ്പിക്കുന്ന രീതിയിൽ അവന്റെ മാഹാത്മ്യവും, നന്മയും, അവന്റെ അത്ഭുതസാന്നിധ്യവും തിരിച്ചറിയുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം ആരാധന. ആരാധകന് തന്റെ ആരാധന ജ്വലിപ്പിക്കുന്നതിനും, ആവേശകരമായി ഉണർത്തുന്നതിനും ഒരു ചിയർ ലീഡറിന്റെ ആവശ്യമില്ല. ഹൃദയങ്ങളിൽ നന്ദിയും പുകഴ്ച്ചയും ഇല്ലാത്തവർക്കാണ് അത് ആവശ്യം. അവർ ദൈവത്തെ ആരാധിക്കുവാൻ അന്വേഷിക്കുന്നത്, ഹൃദയങ്ങളിൽ നിറഞ്ഞ നന്ദിയോടെ അവന്റെ നന്മയും യോഗ്യതയും തിരിച്ചറിഞ്ഞുകൊണ്ടായിരിക്കും.

കർത്താവിന് ധ്യാനവും, ആദരവും അർപ്പിക്കുന്ന താഴ്മയുള്ള ഒരു ഹൃദയത്തിനും ആരാധന ആവേശമാക്കുവാൻ ഒരു ബാഹ്യമായ ശ്രമവും ആവശ്യമില്ല. നാം ആരാധനയെ മോടിപിടിപ്പിക്കുവാൻ ചെയ്യുന്ന ഏർപ്പാടുകളെല്ലാം തന്നെ ആരാധന ഉറപ്പ് വരുത്തുന്നതല്ല. ശബ്ദത്തിന്റെ നില ഉയർത്തുന്നതും, പ്രത്യേക ലൈറ്റുകൾ ഘടിപ്പിക്കുന്നതും, ശാരീരിക ചലനങ്ങളും, ധ്രുതഗതിയിലുള്ള പ്രവൃത്തികളും ആവേശം ഉണർത്തിയേക്കാം; എന്നാൽ ശൂന്യമായ ഹൃദയത്തിൽ പുകഴ്ച്ച കൊടുപ്പാൻ അവക്കൊന്നും കഴിയുകയില്ല. ചെയ്യുന്ന പ്രവൃത്തികളേക്കാൾ ഉപരിയാണ് ആരാധന.

പുറത്തുനിന്നു വീഴ്ത്തതുന്നതല്ല ആരാധന, പിന്നെയോ മനുഷ്യരുടെ ഉള്ളിൽനിന്നാകണം. കാരുണ്യവാനായ പ്രപഞ്ചത്തിന്റെ ദൈവത്തെ സ്നേഹപൂർവ്വം ധ്യാനിച്ച്, പുകഴ്ത്തുന്ന ഹൃദയത്തിന്റെ പ്രകടനമായിരിക്കും. ആ ചിന്തകളും വികാരങ്ങളും, ശാന്തമായും ശുദ്ധമായും പ്രകടിപ്പിക്കുന്നവയാണ്. സത്യാരാധന ഹൃദയത്തിൽനിന്നു ജ്വലിക്കുന്നതാണ്, അല്ലാതെ പുറമെനിന്നുള്ളതല്ല.

ആരാധന ജ്വലിപ്പിക്കുവാൻ മതസംഘടനകൾ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളെയെല്ലാം ദൈവത്തെ ആരാധിക്കുന്നവർ മറക്കണം. അതിനുപകരം, നാം ദൈവത്തെ അറിഞ്ഞ്, അവന്റെ വഴികളെ മനസിലാക്കി, അവൻ തരുന്ന അനുഗ്രഹങ്ങളെ കുറിച്ച് ചിന്തിക്കുക. ദൈവം ആരാണെന്ന് അറിയുന്നതും, അവൻ ചെയ്യുന്നതെന്താണെന്നും തിരിച്ചറിയുന്നത് അവനെ ആരാധിക്കുവാൻ നമ്മെ പ്രേരിപ്പിക്കും - മനുഷ്യനിർമ്മിതമായ ഒരു പദ്ധതിക്കും കൈവരിക്കുവാനാവാത്ത ഒരു അത്ഭുത കൃത്യമാണ് അത്. ഈ സമീപനത്തിൽ നാം ദൈവത്തെ ആരാധിക്കുമ്പോൾ, ശുദ്ധവും നിർമ്മലവുമായ വഴിയിൽ ഉള്ള നമ്മുടെ ആരാധന ദൈവം സ്വീകരിക്കും.

**സംക്ഷിപ്തം**

ദൈവത്തെ ആരാധിക്കുവാൻ നാം നമ്മുടെ കഴിവിന്റെ പരമാവധി ദൈവ സന്നിധിയിലെത്തുവാൻ പരിശ്രമിക്കുന്നു. ആരാധനയിൽ ദൈവത്തോടുള്ള കൂട്ടായ്മയേക്കാൾ പ്രാധാന്യം മറ്റൊന്നിനുമില്ല. നമ്മുടെ ഹൃദയ പ്രകടനങ്ങൾ ദൈവത്തോട് പൊരുത്തപ്പെടുത്തുമ്പോൾ, മാനുഷിക അനുഭവത്തിൽ നമുക്ക് എതിരാളി ഉണ്ടാവാനിടയില്ല.

---

കുറിപ്പുകൾ

[1]റാൽഫ് പി. മാർട്ടിൻ, "വർഷിപ്" ഇൻ *ദ ഇന്റർനാഷ്ണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, റെവ., എഡി.ജെഫ്രി ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1988), 4:1117–18. [2]*ലാട്രെയോ* എന്ന വാക്ക് ഫിലിപ്പിയർ 3:3; എബ്രായർ 9:9; 10:2 ലും കാണാം. നാമമായ *ലാട്രിയ* റോമർ 12:1 ലും എബ്രായർ 9:1, 6 ലും തർജിമ ചെയ്തിരിക്കുന്നത്, "ശുശ്രൂഷ" എന്നാണ്. [3]ചില ഉദാഹരണങ്ങളാണ് *യുസേബെയോ* (അർത്ഥം "സമർപ്പണം," "ഭക്തി" എന്നിവയാണ്; പ്രവൃത്തികൾ 17:23); *സെബാസോമായി* ("ബഹുമാനം കാണിക്കുക"; റോമർ 1:25); *സബസ്മാ* ("ആദരണിയ വസ്തു"; പ്രവൃത്തികൾ 17:23; 2 തെസലൊനിക്യർ 2:4); *തെസ്ക്കെയാ* ("മതപരമായ"; കൊലൊസ്യർ 2:18); *സെബോ* ("ഭയം" അല്ലെങ്കിൽ ദൈവത്തോടുള്ള "ഭയഭക്തി"; മത്തായി 15:9; മർക്കൊസ് 7:7; പ്രവൃത്തികൾ 16:14; 18:7, 13; 19:27). [4]ജെയിംസ് ബി.പ്രിച്ചാർഡ്, എഡി., *ദ ഏൻഷ്യന്റ് നിയർ ഈസ്റ്റ്: ആൻ ആന്തോളജി ഓഫ് ടെക്സ്റ്റസ് ആന്റ് പിക്ച്ചേഴ്സ്* (പ്രിൻസ്ടൻ: പ്രിൻസ്റ്റൻ യൂണിവേഴ്സിറ്റി പ്രസ്, 1958), 36. [5]ജോൺ ഈ. ബർക്ക്ഹാർട്ട്, *വർഷിപ്* (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസം, 1982), 16. [6]ഇബിഡ്. [7]ആന്റി ടി. റിച്ചി, ജൂനിയർ., *ദൗ ഷാൽ വർഷിപ് ദ ലോർഡ് ദൈ ഗോഡ്* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ് ഹൗസ്, 1969), 6–7.